63 ഇന്ത്യയുടെ ഉപരാഷ്ട്രപതി.

ചോ: **ഒരേ കാലയളവിൽ എത്ര ഉപരാഷ്ട്രപതി ഉണ്ടാവും?**

ഉ: ഒരു ഉപരാഷ്ട്രപതി മാത്രമേ ഉണ്ടാകാവൂ.

## 64 ഉപരാഷ്ട്രപതി രാജ്യസഭയുടെ അധ്യക്ഷൻ

ചോ: **ഉപരാഷ്ട്രപതിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്ത്?**

ഉ: രാജ്യസഭയുടെ എക്സ് ഒഫീഷ്യോ ചെയർമാനാണ് ഉപരാഷ്ട്രപതി. രാജ്യസഭായോഗത്തിൽ അധ്യക്ഷത വഹിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന കടമ.

ചോ: **താൻ ഉപരാഷ്ട്രപതിയായിരിക്കുമ്പോൾ മറ്റ് ഏതെങ്കിലും ആദായം കിട്ടുന്ന ഓഫീസിൽ അംഗമാകാമോ?**

ഉ: ഇല്ല.

ചോ: **ഇന്ത്യയുടെ രാഷ്ട്രപതിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പദവിയിലുള്ളവിലക്കുകൾ എന്തെല്ലാം?**

ഉ: ഇന്ത്യൻ രാഷ്ട്രപതിയായിരിക്കുന്ന വേളയിൽ രാജ്യസഭ ചെയർമാന്റെ കടമകൾ പ്രാവർത്തികമാക്കാൻ സാധ്യമല്ല, രാജ്യസഭാ ചെയർമാന് നൽകപ്പെടുന്ന ശമ്പളമോ മറ്റ് അലവൻസുകളോ അദ്ദേഹത്തിന് സ്വീകരിക്കാനും സാധ്യമല്ല.

## 65 രാഷ്ട്രപതിയുടെ ഒഴിവിൽ ഓഫീസിലെ കാലാവധി ഒഴിവിലെ കർത്തവ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഉപരാഷ്ട്രപതി രാഷ്ട്രപതിയുടെ പദം വഹിക്കുന്നു.

**ചോ:** **ഏതെല്ലാം സാഹചര്യത്തിലാണ് ഉപരാഷ്ട്രപതി രാഷ്ട്രപതിയായി പങ്ക് നിർവ്വഹിക്കുന്നത്?**

ഉ: രാഷ്ട്രപതിയുടെ ഓഫീസിൽ തന്റെ മരണം, രാജി, അല്ലെങ്കിൽ പിരിച്ചുവിടൽ മുതലായ ഏതെങ്കിലും കാരണങ്ങളാൽ ഒഴിവുകൾ വന്നുപോയാൽ ഉപരാഷ്ട്രപതി, രാഷ്ട്രപതിയുടെ പങ്ക് വഹിക്കുന്നു. മറ്റൊരു രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതുവരെ അദ്ദേഹം ഈ കടമ നിർവ്വഹിക്കുന്നു. അതുപോലെ തന്നെ രാഷ്ട്രപതിയുടെ നിസ്സഹായവസ്ഥയിൽ അതായത് രോഗം മൂലമോ, മറ്റെന്തെങ്കിലും കാരണങ്ങളാലുള്ള ഹാജരില്ലായ്മമൂലമോ താൻ ഓഫീസിൽ ഇല്ലാതിരിക്കുമ്പോൾ അദ്ദേഹത്തിന്റെ തിരിച്ചുവരവ് വരെയുള്ള കാലയളവിലും ഉപരാഷ്ട്രപതി ഈ കടമ വഹിക്കുന്നു.

**ചോ:** **ഇങ്ങനെ നിലകൊള്ളുന്ന രാഷ്ട്രപതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാം?**

ഉ: ഈ കാലയളവിൽ ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിയുടെ തന്നെ എല്ലാ ബഹുമതികളും പദവികളും അർഹതപ്പെടുന്നു. രാഷ്ട്രപതിയുടെ തന്നെ അലവൻസും പ്രത്യേക അവകാശങ്ങളും ശമ്പളങ്ങളും മറ്റ് എല്ലാ അനുഭവങ്ങളും അദ്ദേഹത്തിന് അർഹതപ്പെട്ടതാണ്.

## 66 ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ്

**ചോ:** **ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ് രീതി എങ്ങനെ?**

ഉ: ഇരുസഭകളുടെയും ഒരു സംയുക്ത യോഗത്തിൽ വെച്ചാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുപ്പ് ഒറ്റകൈമാറ്റ വോട്ട് മുഖേന ആനുപാതികപ്രാതിനിധ്യസമ്പ്രദായത്തിലാണ് നടത്തപ്പെടുക. രഹസ്യബാലറ്റിങ് വഴിയായിരിക്കും വോട്ടിങ്

നടത്തുന്നത്.

ചോ: **എന്തെല്ലാം വ്യവസ്ഥകളാണ് ഉപരാഷ്ട്രപതി പ്രായോഗികമാക്കേണ്ടത്?**

ഉ: ഉപരാഷ്ട്രപതി പാർലമെൻറിൻെറ ഇരു സഭകളിലെയുമോ, ഏതെങ്കിലും സംസ്ഥാന നിയമ സഭയിലെയോ അംഗമായിക്കൂടാ.

ചോ: **ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കാൻ ആവശ്യമായ യോഗ്യതകൾ എന്തെല്ലാം?**

ഉ: ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെടുവാൻ:-

a) അദ്ദേഹം ഒരു ഇന്ത്യൻ പൗരനായിരിക്കണം.

b) അദ്ദേഹത്തിന് 35 വയസ്സ് പൂർത്തിയായിരിക്കണം.

c) രാജ്യസഭാംഗമായി തിരഞ്ഞെടുക്കുവാൻ യോഗ്യനായിരിക്കണം.

d). ഇന്ത്യാഗവൺമെൻറിൻെറയോ, സംസ്ഥാന ഗവൺമെൻറിൻെറയോ, തദ്ദേശ സ്ഥാപനങ്ങളുടെയോ മററ് സ്ഥാപനങ്ങളുടെയോ, കീഴിൽ ലാഭമുള്ള ഉദ്യോഗം വഹിക്കുന്ന യാതൊരാളും തിരഞ്ഞെടുപ്പ് മത്സരത്തിനർഹനല്ല.

## 67. ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക കാലയളവ്

ചോ: **ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക കാലയളവ് എത്രകൊല്ലം?**

ഉ: ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക കാലയളവ് 5 കൊല്ലമാണ്.

ചോ: **ഉപരാഷ്ട്രപതിക്ക് തൻെറ പദവി രാജിവെയ്ക്കാനാവുമോ?**

ഉ: രാജിവെയ്ക്കാം. രാഷ്ട്രപതിക്ക് രാജിക്കത്ത് കൊ

ഴുത്ത് അദ്ദേഹത്തിന് രാജി വെക്കാവുന്നതാണ്.

ചോ: **അദ്ദേഹത്തിനെ തന്റെ പദവിയിൽ നിന്നും പിരിച്ചു വിടാനാവുമോ?**

ഉ: ഉണ്ട്, രാജ്യസഭയിൽ ഭൂരിപക്ഷത്തോടെ ഒരു പ്രമേയം പാസ്സാക്കുകയും ലോകസഭ അതിന് അംഗീകാരം നൽകുകയും ചെയ്താൽ ആ വഴിക്ക് അദ്ദേഹത്തെ സ്ഥാനത്തു നിന്നും നീക്കാവുന്നതാണ്. ഈ പ്രമേയം പാസ്സാക്കുന്നതിന് 14 ദിവസം മുമ്പ് നോട്ടീസ് കൊടുത്തിരിക്കണം.

ചോ: **തന്റെ കാലയളവിന് ശേഷം അദ്ദേഹത്തിന് എത്രകാലം ഈ പദവിയിലിരിക്കാം?**

ഉ: തന്റെ പിൻഗാമി ആഗതനാകുന്നതുവരെ അദ്ദേഹത്തിന് ഈ ചുമതലകൾ നിർവ്വഹിക്കാം.

## *68. ഉപരാഷ്ട്രപതിയുടെ ഓഫീസിൽ ഒഴിവുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി തെരഞ്ഞെടുപ്പ് നടത്തുന്ന സമയത്തും താൽക്കാലിക ഒഴിവിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ഓഫീസിലുള്ള കാലയളവും*

ചോ: **ഉപരാഷ്ട്രപതിയുടെ ഓഫീസിൽ ഒഴിവുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി തിരഞ്ഞെടുപ്പ് നടത്തുന്ന സമയം ഏതാണ്?**

ഉ: നിലവിലുള്ള ഉപരാഷ്ട്രപതിയുടെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ് ആണ് തിരഞ്ഞെടുപ്പ് നടത്തി ഒഴിവുകൾ പൂർത്തീകരിക്കേണ്ടത്.

അല്ലാതെ, ഉപരാഷ്ട്രപതിയുടെ മരണം, രാജിവെയ്ക്കൽ, പിരിച്ചുവിടൽ മുതലായ കാരണങ്ങളാലുണ്ടാകുന്ന ഒഴിവ് പൂർത്തീകരിക്കുന്നതിനും തിരഞ്ഞെടുപ്പ്

നടത്തേണ്ടതുണ്ട്.

## 69. ഉപരാഷ്ട്രപതിയുടെ സത്യപ്രതിജ്ഞ

ചോ: **സത്യപ്രതിജ്ഞക്കായി ഉപയോഗിക്കുന്ന പ്രതിജ്ഞ എന്താണ്?**

ഉ: ഈ പദവിയിൽ പ്രവേശിക്കുന്നതിന് മുമ്പ് രാഷ്ട്രപതിയുടെ അല്ലെങ്കിൽ മററ് ഏതെങ്കിലും നിശ്ചയിക്കപ്പെട്ട വ്യക്തിയുടെ മുമ്പാകെ സത്യപ്രതിജ്ഞ താഴെ പറയും പ്രകാരം ചെയ്തിരിക്കണം.

'ഞാൻ എന്റെ പ്രവർത്തനങ്ങൾ വിശ്വസ്തതയോടും സത്യസന്ധതയോടും കൂടി പ്രാബല്യത്തിൽ വരുത്തുമെന്നും നിയമത്തെയും ഭരണഘടനയെയും എന്റെ അറിവിലും കഴിവിലും പെട്ടിടത്തോളം ഞാൻ കാത്തുസംരക്ഷിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ ഞാൻ ആണയിടുന്നു.

## 70. മററു സാധ്യതകളിൽ രാഷ്ട്രപതിയുടെ പ്രവർത്തനങ്ങൾ പുറപ്പെടുവിക്കുന്നത്:-

ചോ: **മേൽ പറഞ്ഞ കാര്യത്തിൽ ക്രമീകരിക്കാൻ വേണ്ട നടപടികളെ കുറിച്ച് പാർലമെന്റിന് അവകാശപ്പെട്ടിട്ടുണ്ടോ?**

ഉ: ഉണ്ട്, അനുയോജ്യമാംവിധം ക്രമീകരിക്കാവുന്നതാണ്

## 71. ഉപരാഷ്ട്രപതിയുടെ അഥവാ രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന വസ്തുതകൾ -

ചോ: **രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ എന്ത് പരിഹാരമാണ് ലഭ്യമാകുക?**

ഉ: സുപ്രീംകോടതിയുടെ അന്തിമമായ തീരുമാനമാണ് രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന തർക്കത്തിന് പരിഹാരമാകുന്നത്.

**ചോ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പ് സുപ്രീംകോടതി അസാധുവാക്കി പ്രഖ്യാപിക്കപ്പെട്ടാൽ എന്താണ് സംഭവിക്കുക?**

ഉ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പ്, സുപ്രീംകോടതി അസാധുവായി പ്രഖ്യാപിച്ചാൽ സുപ്രീംകോടതിയുടെ ഈ തീരുമാനത്തിനുമുമ്പുള്ള തീയതിക്കുമുമ്പുള്ള പ്രവർത്തനങ്ങളും തന്റെ പദവിയിലെ അധികാരങ്ങളും അസാധുവാക്കി പ്രഖ്യാപിക്കപ്പെടുന്നില്ല.

**ചോ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന കാര്യത്തിനെകുറിച്ച് പാർലമെന്റിന് എന്തെങ്കിലും നിയമം ആവിഷ്കരിക്കാമോ?**

ഉ: ഉവ്വ്. പാർലമെന്റിന് നിയമങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

## *72. ചില കാര്യങ്ങളിൽ വാചകങ്ങൾ ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനും, തടഞ്ഞുവയ്ക്കുന്നതിനും മാപ്പ് അനുവദിക്കുക മുതലായവയിലും രാഷ്ട്രപതിയുടെ അധികാരങ്ങൾ എന്തെല്ലാം?*

**ചോ: രാഷ്ട്രപതിക്ക് മാപ്പ് നൽകുന്നതിനുള്ള അധികാരങ്ങൾ എന്തെല്ലാം?**

ഉ: രാഷ്ട്രപതിക്ക് മാപ്പ് അനുവദിക്കുന്നതിനും, ശിക്ഷ തടഞ്ഞുവയ്ക്കുന്നതിനും, താല്കാലിക മോച

ഉ: സുപ്രീംകോടതിയുടെ അന്തിമമായ തീരുമാനമാണ് രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന തർക്കത്തിന് പരിഹാരമാകുന്നത്.

**ചോ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പ് സുപ്രീംകോടതി അസാധുവാക്കി പ്രഖ്യാപിക്കപ്പെട്ടാൽ എന്താണ് സംഭവിക്കുക?**

ഉ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പ്, സുപ്രീംകോടതി അസാധുവായി പ്രഖ്യാപിച്ചാൽ സുപ്രീംകോടതിയുടെ ഈ തീരുമാനത്തിനുമുമ്പുള്ള തീയതിക്കുമുമ്പുള്ള പ്രവർത്തനങ്ങളും തന്റെ പദവിയിലെ അധികാരങ്ങളും അസാധുവാക്കി പ്രഖ്യാപിക്കപ്പെടുന്നില്ല.

**ചോ: രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന കാര്യത്തിനെക്കുറിച്ച് പാർലമെന്റിന് എന്തെങ്കിലും നിയമം ആവിഷ്കരിക്കാമോ?**

ഉ: ഉണ്ട്. പാർലമെന്റിന് നിയമങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

## 72. ചില കാര്യങ്ങളിൽ ശിക്ഷകൾ മാറ്റുന്നതിനും, ഒഴിവാക്കുന്നതിനും, തടഞ്ഞുവയ്ക്കുന്നതിനും മാപ്പ് അനുവദിക്കുക എന്നിവയിലും രാഷ്ട്രപതിയുടെ അധികാരങ്ങൾ എന്തെല്ലാം?

**ചോ: രാഷ്ട്രപതിക്ക് മാപ്പ് നൽകുന്നതിനുള്ള അധികാരങ്ങൾ ഏതെല്ലാം?**

ഉ: രാഷ്ട്രപതിക്ക് മാപ്പ് അനുവദിക്കുന്നതിനും, ശിക്ഷ തടഞ്ഞു വയ്ക്കുന്നതിനും, താല്ക്കാലിക ഒഴിവ

നം നല്കുന്നതിനും, ഇളവുചെയ്യുന്നതിനും, ഒരു വ്യക്തി ഏതെങ്കിലും കുററത്തിനാൽ ശിക്ഷിക്കപ്പെട്ടാൽ ആ ശിക്ഷ തടഞ്ഞുവയ്ക്കുന്നതിനും, ഒഴിവാക്കുന്നതിനും, ലഘൂകരിക്കുന്നതിനുമുള്ള അധികാരം ഉണ്ട്.

a) കോടതി കല്പനയാൽ നല്കിയിട്ടുള്ള എല്ലാ ശിക്ഷകളിലും

b) യൂണിയന്റെ ഭരണ നിർവ്വഹണ അധികാരത്തെ സംബന്ധിച്ച കുററങ്ങളിൽ ശിക്ഷിക്കപ്പെട്ട എല്ലാ കേസ്സുകളിലും

c) മരണത്തിനു വിധിക്കപ്പെട്ട എല്ലാ ശിക്ഷകളിലും

ചോ: **കോടതി കല്പനയാൽ നൽകിയിട്ടുള്ള ഈ അധികാരങ്ങൾ പട്ടാള ഓഫീസർമാർക്ക് ബാധകമാണോ?**

ഉ: അല്ല.

ചോ: **രാഷ്ട്രപതിയുടെ ഈ അധികാരങ്ങൾ ഗവർണർക്ക് ബാധകമാണോ?**

ഉ: അല്ല.

## 73 യൂണിയന്റെ ഭരണനിർവ്വഹണ അധികാരത്തിന്റെ പരിധി:-

ചോ: **ഏതെല്ലാം കാര്യങ്ങളിലാണ് യൂണിയന്റെ ഭരണ നിർവ്വഹണ അധികാരത്തിന്റെ പരിധിയുള്ളത്?**

ഉ: a) പാർലമെന്റിന്റെ നിയമ നിർമ്മാണ അധികാരത്തെ കുറിച്ചുള്ള കാര്യത്തിൽ പരിധിയുണ്ട്.

(b ഒരു കരാറിന്റെയോ, സംഘടനയുടെയോ, വെളിച്ചത്തിൽ ഇന്ത്യാ ഗവൺമെന്റ് പരിശീലിച്ചു വരുന്നതിന്റെ നിർവ്വഹണത്തിനും, അധികാരപരിധിക്കും ഈ അവകാശങ്ങൾ പരിശീലിക്കുന്നതിനും പരിധിയുണ്ട്

ചോ: ഏതെല്ലാം കാര്യങ്ങളിലാണ് യൂണിയന്റെ ഭരണ നിർവ്വഹണാധികാരപരിധിയില്ലാത്തത്?

ഉ: നിയമ നിർമ്മാണ സഭയുടെ നിയമനിർമ്മാണ അധികാരത്തിന് പരിധിയില്ല, പാർലമെന്റ് ആവിഷ്കരിച്ച നിയമത്തിലോ ഭരണഘടനയിലോ, വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലാണ് ഇത് സാധ്യമാകുക.

## *മന്ത്രിസഭ*

*74. രാഷ്ട്രപതിയെ ഉപദേശിക്കാനും സഹായിക്കാനുമുള്ള മന്ത്രിസഭ.*

ചോ: ആർക്കാണ് രാഷ്ട്രപതിയെ ഉപദേശിക്കാനും സഹായിക്കാനുമുള്ള അധികാരമുള്ളത്?

ഉ: പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രി സഭയ്ക്കാണ്.

ചോ: മന്ത്രിസഭയുടെ ഉപദേശങ്ങൾ രാഷ്ട്രപതി പിന്തുടരാൻ ബാധ്യസ്ഥനാണോ?

ഉ: അതെ.

ചോ: മന്ത്രിസഭയുടെ ഉപദേശങ്ങൾ പുനഃപരിഗണന നടത്താൻ രാഷ്ട്രപതിയ്ക്ക് അപേക്ഷിക്കാമോ?

ഉ: ഉണ്ട്. സാധാരണ രീതിയിലും അല്ലാതെയും രാഷ്ട്രപതിയ്ക്ക് അപേക്ഷിക്കാം.

ചോ: പുനഃപരിഗണനയ്ക്കു ശേഷം അദ്ദേഹം അവയ്ക്കനുസരിച്ച് പിന്തുടരാൻ ബാധ്യസ്ഥനാണോ?

ഉ: അതെ.

## 75 മന്ത്രിമാരുടെ മറ്റു വ്യവസ്ഥകൾ

ചോ: **ആരാണ് പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത്?**

ഉ: രാഷ്ട്രപതിയാണ് പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുന്നത്.

ചോ: **മറ്റുമന്ത്രിമാർ എങ്ങനെയാണ് നിയോഗിക്കപ്പെടുന്നത്.**

ഉ: പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം രാഷ്ട്രപതിയാണ് മറ്റുമന്ത്രിമാരെ നിയമിക്കുന്നത്.

ചോ: **മന്ത്രിമാരുടെ ഔദ്യോഗിക കാലയളവ് എത്രയാണ്?**

ഉ: രാഷ്ട്രപതിക്ക് ഇഷ്ടമുള്ള കാലത്തോളം മന്ത്രിമാർ ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ രാഷ്ട്രപതിക്ക് ഈ ഉപദേശം നൽകപ്പെടുന്നത് പ്രധാനമന്ത്രി വഴിയാണ്.

ചോ: **ലോകസഭയോട് ഉത്തരവാദിത്വമുള്ളത് ആർക്കാണ്?**

ഉ: മന്ത്രിസഭയ്ക്ക് ലോകസഭയോട് കൂട്ടുത്തരവാദിത്വമുണ്ടായിരിക്കേണ്ടതാണ്.

ചോ: **ഔദ്യോഗിക പ്രതിജ്ഞയും സ്വകാര്യതയും മന്ത്രിമാർക്ക് നൽകപ്പെടുന്നത് ആര് വഴിയാണ്?**

ഉ: 3-ാം പട്ടികപ്രകാരം ഔദ്യോഗിക പദവിയിൽ കയറുന്നതിനുമുമ്പ് മന്ത്രിമാർക്ക് ഈ പ്രതിജ്ഞയും മറ്റും ചൊല്ലിക്കൊടുക്കുന്നത് പ്രസിഡന്റ് [രാഷ്ട്രപതി] ആണ്.

ചോ: ആരാണ് മന്ത്രിമാർക്കുള്ള ശമ്പളവും അലവൻസുകളും മററും നിശ്ചയിക്കുന്നത്?

ഉ: കാലത്തിനനുസരിച്ച് ശമ്പളവും അലവൻസുകളും തീരുമാനിക്കുന്നത് പാർലമെൻറാണ്.

## ഇന്ത്യയുടെ അററാർണി-ജനറൽ

76. ഇന്ത്യയുടെ അററാർണി-ജനറൽ.

ചോ: ഇന്ത്യയുടെ അററാർണി ജനറലിനെ നിയമിക്കുന്നത് ആരാണ്?

ഉ: രാഷ്ട്രപതി.

ചോ: അററാർണി ജനറലായി ആർക്ക് നിയമിതനാകാം?

ഉ: അററാർണി ജനറലിന് ഇന്ത്യൻ സുപ്രീം കോടതിയിലെ ഒരു ജഡ്ജിയുടെ യോഗ്യതകളുണ്ടായിരിക്കണം.

ചോ: അററാർണി ജനറലിൻെറ പ്രവർത്തനങ്ങൾ എന്തെല്ലാം?

ഉ: നിയമപരമായ കാര്യങ്ങളിൽ യൂണിയൻ ഗവൺമെൻറിനെ ഉപദേശിക്കാനും രാഷ്ട്രപതി ആവശ്യപ്പെടുന്ന നിയമ സ്വഭാവമുള്ള മററു കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും അററാർണി ജനറലിൻെറ സ്ഥാനത്തിന് ഭരണഘടന വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചോ: ഇന്ത്യയുടെ എല്ലാ കോടതികളിലും ഹാജരാകാനുള്ള അധികാരം അദ്ദേഹത്തിനുണ്ടോ?

ഉ: കർത്തവ്യ നിർവഹണത്തിനായി ഇന്ത്യയിലെ എല്ലാ കോടതികളിലും ഹാജരാകാൻ അദ്ദേഹത്തിന് അധികാരമുണ്ട്.

ചോ: അറ്റോർണി ജനറലിന്റെ ഔദ്യോഗിക കാലയളവ് എത്രയാണ്?

ഉ: രാഷ്ട്രപതി ആഗ്രഹിക്കുന്നിടത്തോളം കാലം അദ്ദേഹത്തിന് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

ചോ: അറ്റോർണി ജനറലിനു ലഭിക്കേണ്ട പ്രതിഫലം നിശ്ചയിക്കുന്നത് ആരാണ്?

ഉ: രാഷ്ട്രപതി.

ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പ്.

77 ഇന്ത്യാ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പ്.

ചോ: ഇന്ത്യാഗവൺമെന്റിന്റെ എല്ലാ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളും ആരുടെ പേരിലാണ് എടുക്കുന്നത്?

ഉ: രാഷ്ട്രപതിയുടെ പേരിലാണ് ഇന്ത്യാഗവൺമെന്റിന്റെ എല്ലാ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളും എടുക്കുന്നത്.

ചോ: രാഷ്ട്രപതിയുടെ പേരിൽ പ്രമാണങ്ങളിൽ വരുത്തിയ കല്പനകളും ഉത്തരവുകളും ഏതു രീതിയിലാണ് അധികാരികമാക്കപ്പെടുന്നത്.

ഉ: രാഷ്ട്രപതി നിർമ്മിക്കുന്ന ചട്ടങ്ങൾക്കനുസൃതമായ രീതിയിലാണ് അവ അധികാരികമാക്കപ്പെടുന്നത്.

ചോ: രാഷ്ട്രപതിയുടെ പേരിൽ പ്രമാണങ്ങളിൽ വരുത്തുന്ന കല്പനകളും ഉത്തരവുകളും അധികാരികമാക്കപ്പെടുന്നത് എന്നുള്ള വ്യവസ്ഥയിൽ ആർക്കെങ്കിലും ഈ കല്പനകളുടെ നിയമ സാധുത ചോദ്യം ചെയ്യാമോ

വരുമോ?

ഉ: ഇല്ല.

ചോ: ആർക്കാണ് ഏറ്റവും സൗകര്യ പ്രദമായ ഇന്ത്യാ ഗവൺമെന്റിന്റെ പ്രവർത്തന ഇടപാടുകൾ ഉണ്ടാക്കാനുള്ള അധികാരവും ഈ പ്രവർത്തനം മന്ത്രിമാർക്കിടയിൽ വിതരണം ചെയ്യാനുള്ള അധികാരവും ഉള്ളത്?

ഉ: രാഷ്ട്രപതിക്ക്.

## 78. രാഷ്ട്രപതിയുടെ ആവശ്യമായി വിവരങ്ങളുടെ കാര്യത്തെക്കുറിച്ച് പ്രധാന മന്ത്രിയുടെ കടമകൾ എന്തെല്ലാം?

ചോ: മുകളിൽ പ്രസ്താവിച്ചതിനെ കുറിച്ച് പ്രധാന മന്ത്രിയുടെ കടമകൾ എന്തെല്ലാം?

ഉ. പ്രധാനമന്ത്രിക്ക് താഴെ പറയും പ്രകാരം കടമകളുണ്ട്:-

a) മന്ത്രിസഭാ തീരുമാനങ്ങളെല്ലാം രാഷ്ട്രപതിയെ അറിയിക്കുക.

b) യൂണിയന്റെ ഭരണത്തെയും നിയമ നിർമ്മാണ നിർദ്ദേശങ്ങളെയും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും.

c) ഏതെങ്കിലും കാര്യത്തെ പറ്റി ഒരു മന്ത്രി ഒരു തീരുമാനം എടുത്തിരിക്കുകയും, അത് മന്ത്രിസഭ പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ രാഷ്ട്രപതി ആവശ്യപ്പെടുന്ന പക്ഷം അതിനെയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനമന്ത്രിയുടെ ചുമതലയാണ്.